പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1760

16.03.2015 ലെ
മറുപടിയ്ക്ക്

## മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയ അപേക്ഷകൾക്ക് ദൂരപരിധിയിൽ ഇളവ് നൽകി അംഗീകാരം നൽകാൻ സർക്കാർ സന്നദ്ധമാകുമോ? | (എ) യും (ബി) യും | ഒരു ജില്ലയിൽ ഒന്ന് എന്ന തോതിലാണ് മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം എന്ന പേരിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്. ന്യൂനപക്ഷ ജനസംഖ്യ ഏറ്റവും കൂടുതലുള്ളതും സർക്കാർ ഉദ്യോഗത്തിലെ പ്രാതിനിധ്യത്തിലും ഉന്നത വിദ്യാഭ്യാസ പ്രവേശാനുപാതത്തിലും പിന്നിലുള്ള മലപ്പുറം ജില്ലയിൽ 3 കേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ പരിശീലനകേന്ദ്രം നടത്താനാവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി നൽകുന്നപക്ഷം അദ്ധ്യാപകർക്ക് ഓണറേറിയം മാത്രം നൽകി നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക ഉപകേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്നോ ഉപകേന്ദ്രങ്ങളിൽ നിന്നോ ചുരിങ്ങിയത് 20 കി.മീ. ദൂരപരിധിയിലായിരിക്കണം പുതിയ ഉപകേന്ദ്രം അനുവദിക്കുക എന്ന പൊതു മാനദണ്ഡം സ്വീകരിച്ചിട്ടുണ്ട്. ദൂരപരിധിയിൽ ഇളവു നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ